പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.212

26.02.2018 ൽ മറുപടിക്ക്

## നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്കും, ചുങ്കത്തറ സി എച്ച് സി -യിലേക്കുമുള്ള ഡയാലിസിസ് മെഷീൻ

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്കും, ചുങ്കത്തറ സി എച്ച് സി - യിലേക്കുമുള്ള ഡയാലിസിസ് മെഷീൻ അനുവദിക്കുന്നതിന് എം. എൽ. എ എ ഡി എഫിൽ നിന്നും എൺപത് ലക്ഷം രൂപ അനുവദിച്ച് ഒന്നര വർഷമായിട്ടും സാങ്കേതിക അനുമതി ലഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിലും ചുങ്കത്തറ സി എച്ച് സി യിലും ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനും ഇതിനായി ആകെ 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സാങ്കേതികാനുമതി നൽകുകയും ഈ അനുമതിയുടെ പകർപ്പ് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്കു നിലമ്പൂർ ജില്ലാ ആശുപത്രി സൂപ്രണ്ടിനും ചുങ്കത്തറ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർക്കും തപാൽ മുഖേനയും ഇ-മെയിൽ സന്ദേശം മുഖേനയും അയച്ചു കൊടുത്തിട്ടുണ്ട്. |
| (ബി) | MSP3/22489-എന്ന ഈ ഫയൽ ഡി എച്ച് എസ് ഓഫീസിൽ വൈകിപ്പിച്ച ഉദ്യോഗസ്ഥന്റെ പേരും സ്ഥാനപ്പേരും ലഭ്യമാക്കാമോ; ഈ ഫയൽ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | നടപടിക്രമങ്ങളിലുള്ള കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. ബോധപൂർവ്വമായ വീഴ്ച ഉണ്ടായതായി കാണുന്നില്ല. |
| (സി) | ഇതിന് എന്നത്തേക്ക് സാങ്കേതിക അനുമതി നൽകാൻ കഴിയും എന്ന് വിശദമാക്കാമോ? | (സി) | 21.02.2018 ലെ എം.എസ്.പി.3/22489/2017 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ